**ജീവിതം**
**പണിയുന്നവർ**

മനുഷ്യജീവിതത്തിന് അടിത്തറയൊരുക്കാൻ ലാഭേച്ഛയില്ലാതെ അധ്വാനിക്കുന്ന നിരവധി കുലത്തൊഴിലുകാർ നമ്മുടെ സമൂഹത്തിലുണ്ട്. അന്യംനിന്നു പോകുമെന്നറിഞ്ഞിട്ടും അധ്വാനത്തിന്റെ മൂല്യത്തിൽ വിശ്വസിച്ച് ജീവിതം പണിതെടുക്കുന്നവരെക്കുറിച്ച് പുതിയ പംക്തി തുടങ്ങുന്നു

# കനലിൽ ചുട്ടെടുത്ത് അടിച്ചുപരത്തിയ ജീവിതം

**22 വർഷമായി ആലയിൽ പണിയെടുക്കുന്ന ജയന്തി അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.**
**തയ്യാറാക്കിയത്: പി. ജിംഷാർ**



ഫോട്ടോ: സുബീദ്

**“ ഒരു മടവാളുണ്ടാക്കാൻ ഞങ്ങൾക്ക് 400 രൂപ ചെലവ് വരുമ്പോൾ കടയിൽ നിന്ന് 80 രൂപക്ക് കിട്ടും. അതുകൊണ്ട് ഇപ്പോൾ ആരും ആയുധങ്ങൾ ഉണ്ടാക്കാറില്ല. കൂടുതലും റിപ്പയറിംങ്ങ് ജോലികളാണ് കിട്ടുന്നത്. ”**

**കനലെരിയുന്ന** ജീവിതച്ചൂളയിൽ നിന്നും ഉറപ്പുള്ള ലോഹങ്ങൾ പണിഞ്ഞെടുത്ത് അമ്പതാം വയസ്സിലും ആലയിൽ സജീവമാവുകയാണ് ജയന്തി. കൂറ്റനാട് – എടപ്പാൾ റോഡിലൂടെ സഞ്ചരിക്കുമ്പോൾ കനലൂതി, ലോഹത്തെ കൂടം കൊണ്ട് അടിച്ചുപരത്തുന്ന കാരിരുമ്പിന്റെ കരുത്തുള്ള ജയന്തിയെ ആലയിൽ എപ്പോഴും കാണാം. 1961ൽ കരുവാൻ കുട്ടപ്പയുടെയും ലക്ഷ്മിയുടെയും അഞ്ചാമത്തെ മകളായിട്ടായിരുന്നു ജയന്തിയുടെ ജനനം. ചെറുപ്പം മുതൽ അച്ഛനൊപ്പം ആലയിൽ ജോലി ചെയ്യുന്നതിൽ ജയന്തി താല്പര്യം പ്രകടിപ്പിച്ചിരുന്നു. കാളവണ്ടിച്ചക്രത്തിന് പട്ടപിടിപ്പിക്കൽ, കാളയ്ക്ക് ലാടം തറയ്ക്കൽ, എന്നീ ജോലികളിൽ വിദഗ്ദ്ധനായ കരുവാൻ കുട്ടപ്പയുടെ ആരോഗ്യം ക്ഷയിച്ചതോടെ അത്തരം ജോലികൾ ജയന്തി ഏറ്റെടുക്കാൻ തുടങ്ങി. 22 വർഷങ്ങൾക്കുമുൻപ് കുലത്തൊഴിൽ പൂർണ്ണമായും മകളെ ഏൽപ്പിച്ച് കുട്ടപ്പ മരണപ്പെട്ടു.

ഭർത്താവ് ചന്ദ്രനൊപ്പം ചേർന്ന് 11 വർഷങ്ങൾക്ക് മുൻപ് പാലക്കൽ പീടികയിൽ തുടങ്ങിയ ഈ ആല ഇന്ന് സ്ത്രീശാക്തീകരണത്തിന്റെ പ്രതീകമായി നിലകൊള്ളുന്നു. കാരിരുമ്പിന്റെ കരുത്തുള്ള ആ പെൺശക്തി സംസാരിക്കുന്നു.

**ഒരു പാട് കുലത്തൊഴിലുകൾ നമ്മുടെ നാട്ടിൽ നിന്നും ഇല്ലാതെയാകുന്നുണ്ട്. ഇത്തരം ഒരവസ്ഥയ്ക്ക് എന്തായിരിക്കാം കാരണം?**

പുതുതലമുറയ്ക്ക് കമ്പനി സാധനങ്ങളോടാണ് താല്പര്യം. ഏത് മോശം സാധനവും കമ്പനി പേരിൽ വിറ്റുപോകും നമ്മളുണ്ടാക്കുന്ന നല്ല സാധനങ്ങൾ ആളുകൾക്ക് വേണ്ട. പിന്നെ പുതുതലമുറയിലെ ആർക്കും കുലത്തൊഴിൽ ചെയ്യുന്നതിനോട് താല്പര്യം ഇല്ല. അവർക്ക് ഷർട്ടിൽ ചളിയാവാത്ത ജോലികളാണ് ഇഷ്ടം.

**വിലക്കയറ്റം ജീവിതത്തെ ബാധിക്കുന്നുണ്ടോ?**

വരുമാനത്തിനനുസരിച്ചാണ് ജീവിക്കുന്നത്. എങ്കിലും സാധനങ്ങളുടെ വില കൂടുന്നത് കണ്ട് ചെറിയ ഒരു പേടി തോന്നിയിട്ടുണ്ട്. വിലക്കയറ്റം മക്കളുടെ കാര്യങ്ങൾ കുഴപ്പത്തിലാക്കുകമോ എന്നാണ് ഇപ്പോഴുള്ള എന്റെ ഭയത്തിന് കാരണം.

**ജോലിസ്ഥലത്ത് സ്ത്രീകൾക്ക് നേരെ പല അതിക്രമങ്ങളും ഉണ്ടാകാറുണ്ട് എന്നാണ് പൊതുവെ പറയാറ്, ചേച്ചിക്ക് അത്തരത്തിൽ എന്തെങ്കിലും അനുഭവം ഉണ്ടായിട്ടുണ്ടോ?**

സ്വന്തം നാട്ടിലാണ് ഞാൻ പണിയെടുക്കുന്നത്. എന്നെ എല്ലാവർക്കും അറിയാം. എനിക്ക് തിരിച്ചും അത്കൊണ്ട് എനിക്ക് അത്തരം അനുഭവങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. ജോലി ഉണ്ടായാൽ ഏത് പ്രശ്നങ്ങളെയും നേരിടാൻ സ്ത്രീകൾക്ക് ശക്തി ലഭിക്കും.

**എത്ര തലമുറയായി ഈ തൊഴിൽ ചെയ്യുന്നു?**

കരുവാൻ പണി ഞങ്ങളുടെ കുലത്തൊഴിലാണ്. എന്റെ അറിവിൽ രണ്ട് തലമുറയായി ഞങ്ങൾ ഈ തൊഴിലാണ് ചെയ്യുന്നത്. വളരെ കഷ്ടപ്പെട്ടാണ് അച്ഛൻ ഞങ്ങളെ വളർത്തിയത്. അച്ഛന്റെ കഷ്ടപ്പാടല്ലാതെ മറ്റൊന്നും ഓർമ്മയിലില്ല.

**മക്കൾ?**

മൂത്തമകൻ സുഭാഷ് വർക്ക്ഷാപ്പിൽ ജോലി ചെയ്യുന്നു. രണ്ടാമത്തവൻ അഭിലാഷ് +2 തോറ്റു, ഇപ്പോൾ എന്നെ സഹായിക്കുന്നു. മൂന്നാമത്തവൻ +2 കഴിഞ്ഞു. ഇളയവൻ രഞ്ജിത്ത് പത്താംക്ലാസ്സ് കഴിഞ്ഞു.

**നിങ്ങളുടെ പ്രദേശത്ത് മറ്റേതെങ്കിലും സ്ത്രീകൾ ഇത്തരം കായികാധ്വാനം വേണ്ട ജോലികൾ ചെയ്യുന്നുണ്ടോ?**

പണ്ട് എടപ്പാള് നാരായണി എന്ന ഒരു സ്ത്രീ കരുവാൻ പണി ചെയ്തിരുന്നു. വർഷങ്ങൾക്ക് മുമ്പ് മരിച്ച അവരല്ലാതെ ഇക്കാലത്ത് ആരും ഉള്ളതായി എനിക്ക് അറിയില്ല.



**അധ്വാനം കൂടിയതും വരുമാനം കുറഞ്ഞതുമായ ഈ തൊഴിൽ നിങ്ങൾ തുടരുന്നത് കുലത്തൊഴിൽ സംരക്ഷിക്കുന്നതിനാണോ? അതോ മറ്റു തൊഴിലുകൾ ചെയ്യാനുള്ള സാധ്യത അടഞ്ഞുപോയതിനാലാണോ?**

രണ്ടും.

**നാട്ടുകാരായ മറ്റ് സ്ത്രീകളുടെ പ്രതികരണം എങ്ങനെയാണ്?**

എല്ലാവരും നല്ല സഹകരണമാണ്.

**സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കാറുണ്ടോ?**

കരുവാൻ ഒബിസി ലിസ്റ്റിൽ പെട്ടതു കൊണ്ട് ആനുകൂല്യങ്ങൾ ലഭിക്കാറില്ല. അസംഘടിതരായ ഞങ്ങൾക്ക് 18 വർഷങ്ങൾക്ക് മുമ്പ് സർക്കാർ ആയുധങ്ങൾ സൗജന്യമായി നൽകിയതല്ലാതെ മറ്റ് ആനുകൂല്യങ്ങളൊന്നും ലഭിച്ചിട്ടില്ല. വിധവാ പെൻഷൻ വാങ്ങിയിട്ടില്ല.

> **ഒരു ഇരുമ്പ് കഷ്ണം എടുത്ത് കാച്ചുരച്ച ശേഷം അളവിനനുസരിച്ച് വെട്ടിയെടുക്കുക തുടർന്ന് നീട്ടി ഷെയിപ്പാക്കുക. ഷെയിപ്പാക്കിയ ഇരുമ്പുകഷ്ണം മൂർച്ച കൂട്ടി ടെമ്പറിങ്ങ് നടത്തുക. ടെമ്പറിങ്ങ് കഴിഞ്ഞാൽ കത്തിയുണ്ടാക്കുന്ന പണിപൂർത്തിയായി. ടെമ്പറിങ്ങ് വളരെ ശ്രദ്ധിച്ച് വേണം ചെയ്യാൻ. ടെമ്പറിങ്ങ് കൂടിയാൽ ഇരുമ്പ് പൊട്ടി തെറിക്കുകയും കുറഞ്ഞാൽ അവ വളയുകയും ചെയ്യും. ടെമ്പറിങ്ങ് കുറവായ പച്ചയിരുമ്പ് കൊണ്ടുള്ള ഉപകരണങ്ങളാണ് ഇപ്പോൾ കൂടുതലും കടകളിൽ വില്പനയ്ക്ക് വെച്ചിട്ടുള്ളത്**

**രാത്രിയിൽ ഒറ്റയ്ക്ക് ഇറങ്ങി നടക്കാൻ സ്ത്രീകൾക്ക് കഴിയും എന്ന് തോന്നുന്നുണ്ടോ?**

എനിക്ക് കഴിയാറുണ്ട്. ഞാൻ പണികഴിഞ്ഞ് വീട്ടിലെത്താൻ രാത്രി പത്ത് മണി കഴിയും. എനിക്ക് ഇതുവരെ രാത്രി യാത്ര ചെയ്യുന്നതിൽ പ്രശ്നം ഒന്നും ഉണ്ടായിട്ടില്ല. ഞങ്ങളുടെ നാട്ടിൽ പരസ്പരം എല്ലാവർക്കും അറിയുന്നത് കൊണ്ടായിരിക്കാം രാത്രിയിൽ ബുദ്ധിമുട്ടില്ലാതെ യാത്ര ചെയ്യാൻ കഴിയുന്നത്. നഗരത്തിൽ പലയിടത്ത് നിന്നായി വന്ന് താമസിക്കുന്നവർക്ക് പരസ്പരം അറിയാൻ കഴിയാത്തതാണ് ഇത്തരം പ്രശ്നങ്ങൾക്ക് കാരണമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതൊക്കെയാണെങ്കിലും സ്ത്രീകൾക്ക് വേരെയുള്ള അക്രമങ്ങളെ കുറിച്ചുള്ള കേൾവികൾ ചെറിയ പേടി ഉണ്ടാക്കുന്നുണ്ട്.

**മകളുണ്ടായിരുന്നെങ്കിൽ കരുവാൻ പണിക്ക് വിടുമായിരുന്നോ?**

ഇല്ല. എന്റെ ചുറ്റുപാട് അങ്ങനെയായിരുന്നു. മക്കൾ കഷ്ടപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് മകളെ ഈ പണി ചെയ്യാൻ നിർബന്ധിക്കില്ല.

**കുട്ടിക്കാലത്ത് ആരാവാനായിരുന്നു ആഗ്രഹം?**

കഷ്ടപ്പാടിനിടയിൽ അങ്ങനെയൊന്നും ചിന്തിച്ചിരുന്നില്ല. നല്ല വസ്ത്രമോ ഭക്ഷണമോ അന്ന് ഉണ്ടായിരുന്നില്ല. ഇന്ന് മക്കളെ പഠിപ്പിക്കണം എന്ന് ആഗ്രഹിക്കുന്നുണ്ട്. പക്ഷെ അവർക്ക് മാർക്ക് കുറവാണ് എന്നാലും പഠിപ്പിക്കണം.

**കാലഘട്ടത്തിൽ വന്ന വ്യത്യാസം തൊഴിലിൽ എങ്ങനെ ബാധിച്ചു എന്ന് വ്യക്തമാക്കാമോ?**

പണ്ട് കൃഷിപ്പണിക്ക് വേണ്ട തേരക്കൊട്ട, തുമ്പി, വെള്ളം തേവാനുപയോഗിക്കുന്ന ഉരുൾ എന്നിവയായിരുന്നു കൂടുതൽ ഉണ്ടാക്കിയിരുന്നത്. എന്നാൽ യന്ത്രങ്ങൾ വന്നതോടെ കൃഷിപ്പണിക്ക് ഉപയോഗിച്ചിരുന്ന ഇത്തരം ഉപകരണങ്ങൾ ഇല്ലാതെയായി. ഇന്ന് ഉപകരണങ്ങൾ മാത്രമല്ല കൃഷി തന്നെ ഇല്ലാതെയായില്ലേ, മറ്റു സ്ഥലങ്ങളിൽ നിന്ന് വേണ്ട ഇന്ന് അരി കൊണ്ട് വരാൻ നാളെ കാശ് ഉണ്ടായാലും ഉണ്ണാൻ പറ്റാത്ത ഒരു കാലം വരും. ഉണ്ണാതിരിക്കാൻ നമുക്ക് പറ്റാത്തത് കൊണ്ട് അന്ന് ആർത്തിപിടിച്ച് നമ്മൾ ഓടിനടക്കും. ഇന്ന് എല്ലായിടത്തും യന്ത്രങ്ങളാണ്. കൂടുതൽ ആലകളും ഇന്ന് മോട്ടോറിന്റെ സഹായത്താലാണ് പ്രവർത്തിക്കുന്നത്. ഇവിടെ അത്തരം സൗകര്യങ്ങളൊന്നുമില്ലാത്തതിനാൽ സഹായത്തിന് ആരെയെങ്കിലും വേണം പണി നടക്കാൻ, കുട്ടികളോ ആലയിൽ വരുന്നവരോ സഹായിക്കും എന്നതാണ് ആകെയുള്ള ആശ്വാസം. ഒരു മടവാളുണ്ടാക്കാൻ ഞങ്ങൾക്ക് 400 രൂപ ചെലവ് വരുമ്പോൾ കടയിൽ നിന്ന് 80 രൂപക്ക് മടവാൾ കിട്ടും. ഇപ്പോൾ ആരും ആയുധങ്ങൾ ഉണ്ടാക്കാറില്ല. കൂടുതലും റിപ്പയറിംങ്ങ് ജോലികളാണ് കിട്ടാറ്.

**നിലവിൽ തൊഴിൽപരമായി എന്തെങ്കിലും ബുദ്ധിമുട്ട് തോന്നിയിട്ടുണ്ടോ?**

തൊട്ടടുത്ത് ബിൽഡിങ്ങ് പണിയാനായി പില്ലറിന് കുഴിയെടുത്തത് ചെറിയ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. ഇക്കാരണത്താൽ ആല ചെറുതായി പോയി. ഇരുന്ന് പെരുമാറാൻ ചെറിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്.

**എങ്ങനെയാണ് ഒരു കത്തിയുണ്ടാക്കുന്നത്?**

ഒരു ഇരുമ്പ് കഷ്ണം എടുത്ത് കാച്ചുരച്ച ശേഷം അളവിനനുസരിച്ച് വെട്ടിയെടുക്കുക തുടർന്ന് മേടി നീട്ടി ഷെയിപ്പാക്കുക. ഷെയിപ്പാക്കിയ ഇരുമ്പുകഷ്ണം മൂർച്ച കൂട്ടി ടെമ്പറിങ്ങ് നടത്തുക. ടെമ്പറിങ്ങ് കഴിഞ്ഞാൽ കത്തിയുണ്ടാക്കുന്ന പണി പൂർത്തിയായി. ടെമ്പറിങ്ങ് വളരെ ശ്രദ്ധിച്ച് വേണം ചെയ്യാൻ. ടെമ്പറിങ്ങ് കൂടിയാൽ ഇരുമ്പ് പൊട്ടി തെറിക്കുകയും കുറഞ്ഞാൽ അവ വളയുകയും ചെയ്യും. ടെമ്പറിങ്ങ് കുറവായ പച്ചയിരുമ്പ് കൊണ്ടുള്ള ഉപകരണങ്ങളാണ് ഇപ്പോൾ കൂടുതലും കടകളിൽ വില്പനയ്ക്ക് വെച്ചിട്ടുള്ളത്.

**ഈ തൊഴിൽ പഠിക്കാൻ എത്ര കാലം വേണം?**

പുസ്തകം വായിച്ച് പഠിക്കുന്ന പോലെയല്ല ഇത്. കണ്ടും അറിഞ്ഞും പഠിക്കണം, ഞാൻ എന്റെ ജീവിതം കൊണ്ടാണ് ഈ തൊഴിൽ പഠിച്ചത്. ചൂട് കൊണ്ട് തടിയനങ്ങി പണിയെടുത്ത് കണ്ടും അറിഞ്ഞും ഒരു തൊഴിൽ പഠിക്കാൻ പ്രത്യേകിച്ച് ഇത്തരം പണികൾ പഠിക്കാൻ ചിലപ്പോൾ ഒരു ജീവിതം തന്നെ വേണ്ടി വരും.

**ആർക്കെങ്കിലും മാരകായുധങ്ങൾ ഉണ്ടാക്കി നൽകാറുണ്ടോ?**

ഇല്ല

**മറ്റുള്ളവർക്ക് മാതൃകയാണ് ജീവിതം എന്ന് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ?**

ഞാൻ എന്റെ ജീവിതം ജീവിച്ച് തീർക്കുന്നുവെന്നല്ലാതെ അങ്ങനെയൊന്നും തോന്നിയിട്ടില്ല.

**പഴയകാലത്തെ ഓർമ്മകളിൽ നിറയുന്ന എന്തെങ്കിലും പ്രത്യേക കാര്യങ്ങൾ ഓർമ്മ വരുന്നുണ്ടോ?**

പണ്ടു കാലത്ത് കല്ല് വെട്ടുന്ന മഴു മൂർച്ച കൂട്ടാൻ ധാരാളം ഉണ്ടാകുമായിരുന്നു. രാവിലെയും വൈകീട്ടും അവ മൂർച്ച കൂട്ടേണ്ടി വരുന്നതിനാൽ രാത്രി ഒരു മണി വരെ പണിയുണ്ടാകും. ഒരു മണിക്ക് കിടന്ന് ഉറങ്ങിയാൽ പിന്നെ രാവിലെ അഞ്ച് മണിക്ക് എഴുന്നേൽക്കാൻ തോന്നില്ല. ക്ഷീണം കൊണ്ട് ഉറങ്ങിപ്പോകും. അപ്പോഴേക്കും ആരെങ്കിലും മഴു മൂർച്ച കൂട്ടാൻ എത്തും. പിന്നെ വീണ്ടും ആലയിലേക്ക്. ഇതൊക്കെ കല്ലുവെട്ട് യന്ത്രം വരുന്നതിന് മുൻപാണ് കേട്ടോ.

**ചേച്ചിയുടെ രാഷ്ട്രീയം?**

പറയാം. പക്ഷെ എഴുതരുത്.

**കന്മദം സിനിമ കണ്ടിട്ടുണ്ടോ? എന്ത് തോന്നി?**

കന്മദത്തിലെ മഞ്ജുവാര്യരുടെ അഭിനയം കണ്ടപ്പോൾ എനിക്ക് എന്നെ ഓർമ്മ വന്നു.

**ജീവിതം സിനിമയാക്കിയാലോ എന്ന് എപ്പോഴെങ്കിലും ആഗ്രഹിച്ചിട്ടുണ്ടോ?**

ഇല്ല, പുറമക്കാർ അതൊന്നും അറിയേണ്ട.

**ഓണക്കാലത്തെ ഓണക്കൂട്ടം**

നാടൻ ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും. ഉറവ്, എല്ലോറക്രാഫ്റ്റ്, ഹോംഫുഡ് സർവ്വീസ്, സഞ്ജീവനി അയൽക്കൂട്ടം എന്നിവയുടെ ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും. സെപ്തംബർ 5, 6, 7 തീയതികളിൽ സാഹിത്യ അക്കാദമി ഓഡിറ്റോറിയത്തിൽ. ബന്ധങ്ങൾക്ക്: സി.ഡി. സുനീഷ്, 9605730334

**സസ്യാഹാരികളുടെ സംസ്ഥാനതല കൂടിച്ചേരൽ**

സസ്യാഹാരികളുടെ ആവിഷ്ക്കാരങ്ങളെക്കുറിച്ച് ആലോചിക്കുന്ന കൂട്ടായ്മ ആഗസ്റ്റ് 14 ഞായറാഴ്ച ആലുവ ദേശത്ത് സാധന യോഗ സെന്ററിൽ രാവിലെ 11 മുതൽ വൈകീട്ട് 4 വരെ. ബന്ധങ്ങൾക്ക്: മനോജ്, 9847446918

books
magazines
periodicals

BYWORD
BOOKS

marva plaza, machingal lane,m.g. road, thrissur
Tel. : 0487 3256689,Mob : 9847764577